# ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തിന് രണ്ട് കാലഘട്ടമുണ്ട്.

ഒന്നാം ഘട്ടം : ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തിന് അതിശക്തമായ – അതിലും മനോഹരമായ – ഒരു ഭൂതകാലഘട്ടമുണ്ട്. അതാണ് ചേകന്നൂർ മൗലവി എന്ന് പ്രതിഭാധനൻ ജീവിച്ചിരുന്ന കാലഘട്ടം. ഖുർആൻ വിരുദ്ധ സുന്നി–ശിയാ പ്രസ്ഥാനങ്ങളെയും അവരുടെ നമസ്ക്കാര കോട്ടകളെയും ഖുർ ആൻ കൊണ്ട് തകർത്ത് കളഞ്ഞ ചരിത്രം സൃഷ്ടിച്ച 19 ഗ്രന്ഥങ്ങൾ മൗലവിയാൽ രചിക്കപ്പെട്ട ഒരു ഭൂത കാലം. അഹ്ലുസ്സുന്നത്ത് വൽ ജമാഅത്ത് എന്ന ഖുർആൻ വിരുദ്ധ ഹദീസ് സംഘടനയുടെയും ശിയാക്കളുടെയും ഹദീസു ഗ്രന്ഥങ്ങളും ഖുർആൻ പരിഭാഷകളും അവരുടെ ഖുർആൻ വിരുദ്ധനമ സ്ക്കാരവും ബാങ്കും മറ്റനാചാരങ്ങളും നിലനൽക്കുന്ന കാലത്തോളം ആ ഗ്രന്ഥങ്ങളുടെ പ്രസ ക്തിയും നിലനിൽക്കുന്നു. ഈ സത്യം മനസ്സിലാക്കാത്ത ചില പടുവിഡ്ഢികളാണ് ഖുർആനിൽ നിന്നും ഒരു പുതിയ ആശയം കണ്ടുപിടിച്ച പറയുന്ന ഖുർആൻ വിശ്വാസികളുടെ നേർക്ക് കുതിരകയ റുന്നതും. കൊഞ്ഞനം കാട്ടുന്നതും.

രണ്ടാം ഘട്ടം : ഒരിക്കലും അവസാനിക്കാത്ത ഒരു ഭാവികാലം...! ഖുർആനിൽ നിന്ന് ഓരോസത്യവും പുറത്തു വരുമ്പോൾ, അത് വിളിച്ചു പറഞ്ഞും വിളംബരം ചെയ്തും സമകാലിക സംഭവവികാസ ങ്ങളെ ഖുർആൻ കൊണ്ട് വ്യഖാനിച്ചും, അതിനോട് സംവദിച്ചും, അങ്ങനെ ഒരിക്കലും അവസാനി ക്കാത്ത ഖുർആൻ വിശ്വാസികളുടെ ഭാവികാലം.

ചേകന്നൂർ മൗലവി വരച്ച വരയ്ക്കപ്പുറം കടക്കരുതെന്ന് വിശ്വസിപ്പിക്കുന്ന ചില പടു ജാഹിലുകൾ–ചേകന്നൂർ മൗലവിയുടെ ഗ്രന്ഥങ്ങൾക്കപ്പുറം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യരുത് എന്ന് വാദിക്കുന്ന ചില കൂപമണ്ഡൂകങ്ങൾ – ഇപ്പോൾ ചില സുന്നി സംഘടനകളെപ്പോലെ നമുക്കിടയിൽ തന്നെ പ്രവർത്തിക്കുന്നുണ്ട്. യഥാർത്ഥത്തിൽ വിശുദ്ധ ഖുർആനിനും മുഹമ്മദ് നബിക്കും, ചേകന്നൂർ മൗലവിക്കും എതിരായ ഒരു വാദമാണതെന്ന് അവർക്ക് തന്നെ നന്നായറിയാം. അതുവഴി ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തെ തകർക്കാനാണ് അവർ ശ്രമിക്കുന്നത്.

**നബിയെ പൂജിക്കുന്നവർ അല്ലാഹുവിനെ മാനിക്കുന്നില്ല** എന്ന് (നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലൽ എങ്ങിനെ എന്ന ഗ്രന്ഥത്തിൽ) ചേകന്നൂർ മൗലവി എഴുതിയത് മാന്യ വായനക്കാർക്ക് ഓർമ്മയുണ്ടാവുമല്ലോ. അതുപോലെ **ചേകന്നൂർ മൗലവിയെ പൂജിക്കുന്നവർ അല്ലാഹുവിനേയും നബിയേയും അംഗീകരിക്കുന്നില്ല** എന്നു മാത്രമാണ് ഖുർആൻ പഠനവും ഗവേഷണവും ചെയ്യുന്ന വിദ്യാർത്ഥികളെ പരിഹസിക്കുന്ന പണ്ഡിതമന്യന്മാരായ ആ മുടക്കികളോട് നമുക്ക് പറയാനുള്ളത്. വിശുദ്ധഖുർആനിലേക്ക് ഒരു രാജപാത തെളിയിച്ചു തന്നു എന്നതാണ് ചേക ന്നൂർ മൗലവി നമുക്ക് ചെയ്ത് തന്ന ഏറ്റവും വലിയ സേവനം. നബിയുടെയും ഖലീഫാ ഉമറിന്റെയും ഇസ്ലാമിക ജനാധിപത്യ ഭരണത്തെ ചൂഷണം ചെയ്ത് – ആ ഭരണത്തിന്റെ അപ്പക്കഷ്ണങ്ങൾ പങ്ക് വെച്ച് സുന്നികളും ശിയാക്കളും പിന്നീട് രണ്ട് അറേബ്യൻ ആചാരമതങ്ങളുണ്ടാക്കി. അതായിരുന്നു ഖുർആനും സുന്നത്തും എന്ന സുന്നീമതവും ഖുർആനും അഹ്ലുൽ ബെയ്ത്തും എന്ന ശിയാ മത വും. ആ മതങ്ങളുടെ അസ്തിവാരമായ അഞ്ചുനേര നമസ്ക്കാരത്തേയും ബാങ്കിനേയും ഹജ്ജി നേയും മറ്റു ഖുർആൻ വിരുദ്ധ വിശ്വാസപ്രമാണങ്ങളെയുമാണ് മൗലവി ചേകന്നൂർ ഖുർആൻ കൊണ്ട് തകർത്ത് കളഞ്ഞത്. മാത്രമല്ല അറബി ഭാഷയിൽ സംസാരിച്ചിരുന്ന നബിയുടെ പ്രാർത്ഥനയും നോമ്പും ഹജ്ജുമെല്ലാം അദ്ദേഹം ഖുർആൻ കൊണ്ട് അറബി ഭാഷയിൽ തന്നെ പുനഃസ്ഥാപിക്കു കയും ചെയ്തു. അറേബ്യയിലെ പണ്ഡിതന്മാർ ചെയ്യേണ്ടത് ഇങ്ങ് കേരളക്കരയിലിരുന്ന് അദ്ദേഹം ഒറ്റക്ക് ചെയ്തു എന്ന് സാരം. നിർഭാഗ്യവശാൽ സ്വതന്ത്രമായ ഒരു ഖുർആൻ പരിഭാഷ പൂർത്തിയാ ക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അതിന് മുമ്പേ ഇസ്ലാമിന്റെ ശത്രുക്കൾ അദ്ദേഹത്തെ ചതിയിലൂടെ വധിച്ചു കളഞ്ഞു. അതുകൊണ്ട് തന്നെ ചേകന്നൂർ മൗലവി പറയാൻ ബാക്കിവെച്ച ഖുർആനിക സത്യ ങ്ങൾ പറയുമ്പോൾ – കൂടുതൽ പുരോഗമനാത്മകമായ കാര്യങ്ങൾ നമ്മുടെ പ്രസ്ഥാനത്തിലെ ഖുർ ആൻ പണ്ഡിതന്മാർ നമുക്ക് പറഞ്ഞുതരുമ്പോൾ നമുക്കത് അംഗീകരിക്കേണ്ടി വരും. അത് ഖുർ ആൻ സുന്നത്ത് കാരുടെ അധോഗതിയോ പാപ്പരത്തമോ അല്ല. ചിന്തിക്കാത്ത മൂഢന്മാർ മാത്രമേ അങ്ങിനെ കരുതുകയുള്ളു. കൂടുതൽ നന്മയിലേക്കും പുരോഗതിയിലേക്കുമുള്ള മുന്നേറ്റത്തിന്റെ ഒരു ഭാഗം മാത്രമാണത്.